LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. വി. തോമസ്: ഉണ്ട്. നിവേദനങ്ങളും ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ട്.

ശ്രീ. എം. എം. തോമസ്: ഈ കാർഷിക കോളേജ് തൊടുപുഴയിൽ സ്ഥാപിക്കാൻ സാദ്ധ്യതയുണ്ടോ എന്നന്വേഷിക്കാൻ ഗവണ്മെന്റ് തയ്യാറാകുമോ?

ശ്രീ. ടി. വി. തോമസ്: അതിനെ സംബന്ധിച്ച് നിവേദനം നടത്തുകയാണെങ്കിൽ അതും ചെയ്യാം.

ശ്രീ. ഇ. ടി. കുഞ്ഞൻ: പുതുതായി രൂപംകൊണ്ട മലപ്പുറം ജില്ലയിൽ കാർഷിക ഗവേഷണകേന്ദ്രം തുറക്കുക എന്നുള്ളതു് ആ ജില്ലയുടെ ഡെവലപ്പ്മെന്റ് എന്നുള്ള നിലയ്ക്കും കൃഷിയുടെ അഭിവൃദ്ധിക്കു് ഉപകാരപ്രദമാണു് എന്ന നിലയ്ക്കും മലപ്പുറം ജില്ലയിൽ സ്ഥാപിക്കാൻ ശ്രമിക്കുമോ?

ശ്രീ. ടി. വി. തോമസ്: ഇവിടെ ഉന്നയിക്കുന്ന എല്ലാ കാര്യങ്ങളും പരിഗണിക്കും.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ബഹുമാനപ്പെട്ട കൃഷിവകുപ്പു മന്ത്രിയുടെ അനാസ്ഥകൊണ്ടാണു് കേരളത്തിനു ലഭിക്കുമായിരുന്ന ഫിഷറീസ് ഇൻസ്റ്റിറ്റ്യൂട്ട് കിട്ടാതെപോയതെന്നും കാർഷികസർവ്വകലാശാല അന്വേഷണോദ്യോഗസ്ഥനായ ശ്രീ. സി. കെ. എൻ. നായർ പ്രസ്താവിച്ചിട്ടുള്ളതു ശരിയാണോ?

ശ്രീ. ടി. വി. തോമസ്: ഒരു ഡിസ്ക്രെഡിറ്റഡ് ഉദ്യോഗസ്ഥൻ ചെയ്ത ഈ പ്രസ്താവന വളരെ ഗൗരവമായിട്ടെടുക്കുന്ന അംഗങ്ങളോടു് എനിക്കു സിംപതിയുണ്ട്.

ശ്രീ. കെ. എം. ജോർജ്ജ്: ഈ ഉദ്യോഗസ്ഥൻ എന്നാണു് ഡിസ്ക്രെഡിറ്റഡ് ആയതു്?

ശ്രീ. ടി. വി. തോമസ്: ആ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിനെപ്പറ്റിയല്ല ഞാൻ പറഞ്ഞതു്. റിപ്പോർട്ട് സമർപ്പിച്ചതിനുശേഷമുള്ള പ്രസ്താവനയെയാണു് ഞാൻ സൂചിപ്പിച്ചതു്.

ശ്രീ. പി. കുഞ്ഞൻ: കാർഷികസർവ്വകലാശാല സ്ഥാപിക്കുന്നതിനു് എത്ര ഏക്കർ ഭൂമി വേണ്ടിവരും? കൂടുതൽ സ്ഥലം വേണ്ടിവരുമെങ്കിൽ തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിൽ സ്ഥാപിക്കുന്നകാര്യം ആലോചിക്കുമോ?

(ഉത്തരം പറഞ്ഞില്ല)

ശ്രീ. സി. കണ്ണൻ: കാർഷികസർവ്വകലാശാല സോവിയറ്റു സഹായത്തോടുകൂടി സ്ഥാപിക്കുന്നതായിരിക്കുകയല്ലേ നല്ലതു്; അതായിരിക്കുകയല്ലേ കൂടുതൽ ഉചിതം?

ശ്രീ. ടി. വി. തോമസ്: എല്ലാ നിവേദനങ്ങളും കിട്ടിയതിനുശേഷം ഇതേപ്പറ്റി ഗൗരവമായി ആലോചിക്കുന്നതാണെന്നു് നേരത്തെ പറഞ്ഞുകഴിഞ്ഞു.

ശ്രീ. ജോസഫ് ചാഴിക്കാടൻ: കാർഷികസർവ്വകലാശാല സ്ഥാപിക്കാൻ എന്റെ നിയോജകമണ്ഡലത്തിൽ നല്ല സൗകര്യമുണ്ട്. അവിടെ സ്ഥലം കൊടുക്കാൻ ഞാൻ ഉത്സാഹിക്കുകയും ചെയ്യാം. അതുകൊണ്ടു് കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ ഈ കാർഷികസർവ്വകലാശാല സ്ഥാപിക്കുന്നകാര്യം ആലോചിക്കുമോ?

(ഉത്തരം പറഞ്ഞില്ല)

ശ്രീ. എൻ. കെ. ശേഷൻ: കാർഷികസർവ്വകലാശാല സ്ഥാപിക്കുന്നതു സംബന്ധിച്ചുള്ള റിപ്പോർട്ടിൽ മറ്റേതെങ്കിലും പരാമർശമോ പരിശോധനയോ നടത്തിയിട്ടുണ്ടോ എന്നു പറയാൻ കഴിയുമോ?